SJD/4286/2022-C2

I/90058/2023


സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :31-03-2023
Email -swdkerala@gmail.com
Phone : 0471 – 2306040


## സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പിന് കീഴിൽ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന വിവിധ കാര്യാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നത് - മാർഗ്ഗരേഖ - സംബന്ധിച്ച്.

സൂചന:

സാമൂഹ്യ നീതി വകുപ്പിന് കീഴിൽ ജില്ലാ തലത്തിൽ ജില്ലാ സാമൂഹ്യനീതി ഓഫീസ് ജില്ലാ പ്രൊബേഷൻ ഓഫീസ്, ക്ഷേമസ്ഥാപനങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ സാമൂഹ്യ നീതി വകുപ്പുമായി ബന്ധപ്പെട്ട കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെ കരിക്കുലത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ് ചെയ്യുന്നതിനും ഗവേഷണ വിദ്യാർത്ഥികൾ ഗവേഷണ സംബന്ധമായും, ബന്ധപ്പെട്ട മേഖലയിൽ പഠനങ്ങൾ നടത്തുന്നതിനും മറ്റുമായി സാമൂഹ്യനീതി ഡയറക്ടർക്ക് അപേക്ഷകൾ നൽകി വരുന്നുണ്ട്. വിവിധ വിഷയങ്ങളിൽ പഠനം/ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് അനുവദിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷൻ മാനുവലിൽ ( clause 11.4-11.5) പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൻമേൽ അനുമതി നൽകുന്നത് സാമൂഹ്യനീതി ഡയറക്ടർ ആണ്.

വിവിധ സർവ്വകലാശാലകൾ / കോളേജുകൾ എന്നിവ സോഷ്യൽ വർക്ക്-നിയമ ബിരുദ കോഴ്സുകൾക്ക് ഇന്റേൺഷിപ്പ് പഠന പ്രവർത്തനത്തിന്റെ ഭാഗമായി നിഷ്കർഷിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ നീതി വകുപ്പിന്റെ കീഴ് കാര്യാലയങ്ങളിൽ നിശ്ചിത കാലയളവിലേക്ക് ഇന്റേൺഷിപ്പിനു അനുമതി നൽകുന്നതിനുള്ള അപേക്ഷകൾ ധാരാളമായി ലഭിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഭാഗമായി നിർബന്ധമാക്കിയിട്ടുള്ള ഇന്റേൺഷിപ്പിനുള്ള വിവിധ ജില്ലകളിലെ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിലെ മേധാവിയുടെ ശുപാർശ കത്തോടെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിക്കുന്ന മുറയ്ക്കാണ് ഇപ്പോൾ അനുമതി നൽകി വരുന്നത്. ആയതിനു കാലതാമസം നേരിടേണ്ടി വരുന്നതിനാൽ വിദ്യാർത്ഥികൾക്ക് നിശ്ചിത സമയത്തിനുള്ളിൽ ഇന്റേൺഷിപ്പ് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ, കാലതാമസം ഒഴിവാക്കുന്നതിനും ഭരണപരമായ സൗകര്യത്തിനും വേണ്ടി വകുപ്പിന് കീഴിലെ വിവിധ കാര്യായലയങ്ങളുമായി ബന്ധപ്പെട്ട internship /research study എന്നിവ ചെയ്യുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന പൊതു മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

a. ജില്ലാ ഓഫീസുകൾ, പ്രൊബേഷൻ ഓഫീസുകൾ എന്നിവിടങ്ങളിലെ ഗവേഷണപഠനം (M.Phil, Ph.D, Post Doctoral Fellowship), ക്ഷേമസ്ഥാപനങ്ങളിലെ ഗവേഷണപഠനം എന്നിവ നൽകുന്നത് തുടർന്നും ഡയറക്ടറേറ്റ് തലത്തിൽ ആയിരിക്കും. ഗവേഷണവുമായി ബന്ധപ്പെട്ട അപേക്ഷകളോടൊപ്പം പഠനത്തിന്റെ സംക്ഷിപ്ത വിവരണം (synopsis), data കളക്ഷൻ ടൂൾ, എത്തിക്കൽ കമ്മിറ്റിയുടെ അനുമതി, വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ ശുപാർശ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് .
b. ക്ഷേമസ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
c. ജില്ലാ സാമൂഹ്യനീതി ഓഫീസ്, ജില്ലാ പ്രൊബേഷൻ ഓഫീസ് എന്നിവിടങ്ങളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിനുള്ള അപേക്ഷ അതാത് കാര്യാലയമേധാവികൾക്ക് നൽകേണ്ടതും പ്രസ്തുത അപേക്ഷകൾ പരിശോധിച്ച ശേഷം കാര്യാലയമേധാവികൾ തന്നെ അനുമതി നൽകേണ്ടതും ആണ് .
d. കൃത്യമായ കാലയളവ് രേഖപ്പെടുത്തിയായിരിക്കണം അനുമതി നൽകേണ്ടത്
e. ബന്ധപ്പെട്ട കാര്യാലയമേധാവികൾ പഠനത്തിനു മേൽനോട്ടം വഹിക്കേണ്ടതും ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകേണ്ടതുമാണ്.
f. പഠനത്തിനായി യാതൊരു ധനസഹായവും വകുപ്പിൽ നിന്നും നൽകുന്നതല്ല.

g. ഗവേഷണ കാലത്തും തുടർന്നും പഠനസംബന്ധമായി ശേഖരിക്കുന്ന എല്ലാ രേഖകളും രഹസ്യമായി സൂക്ഷിക്കേണ്ടതാണ്.

h. ഇന്റേൺഷിപ്പ്-ന്റെ ഭാഗമായി വകുപ്പിന്റെ സ്കീം ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ ഒരു കാരണവശാലും പരസ്യപ്പെടുത്താനോ പ്രസിദ്ധീകരിക്കാനോ പാടുള്ളതല്ല.

i. പഠനാനന്തരം ഓരോ വിദ്യാർത്ഥിയും കണ്ടെത്തിയ പ്രധാനപ്പെട്ട വിവരങ്ങൾ ഒരു ലഘു റിപ്പോർട്ട് ആക്കി അതാത് കാര്യാലയമേധാവികളുടെ പക്കൽ ഏൽപ്പിക്കേണ്ടതും, അവരുടെ അംഗീകാരം ലഭിച്ചാൽ മാത്രം ബന്ധപ്പെട്ട സ്ഥാപനത്തിൽ സമർപ്പിക്കാൻ പാടുള്ളതും ആകുന്നു.

j. പഠനസംബന്ധമായ സന്ദർശനങ്ങളിൽ കോവിഡ് -19 പ്രോട്ടോകോൾ കർശനമായി പാലിക്കേണ്ടതാണ്.

k. അനുബന്ധമായി ഉള്ളടക്കം ചെയ്യുന്ന നിശ്ചിത ഫോർമാറ്റിൽ അപേക്ഷ സമർപ്പിക്കേണ്ടതും അതാത് കാര്യാലയ മേധാവികൾ ഇന്റേൺ ഷിപ്പ് വിവരങ്ങൾ നിശ്ചിത രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

l. അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമേ കാര്യാലയമേധാവികൾ അനുമതി നല്കാൻ പാടുള്ളു.

m. പഠനവിദ്യാർത്ഥികൾ, പഠനം നടത്തുന്ന സ്ഥാപന മേധാവിയോ /ബന്ധപ്പെട്ട വകുപ്പ് മേധാവിയോ മുഖേന ശുപാർശ ചെയ്തു നൽകുന്ന അപേക്ഷകളിൽ മാത്രമേ കീഴ് കാര്യാലയങ്ങളിൽ നടപടി സ്വീകരിക്കുവാൻ പാടുള്ളു..

n. വിവിധ വ്യക്തികൾ, സംഘടനാ പ്രതിനിധികൾ എന്നിവർക്ക് അനുമതി നൽകുന്നത് തുടർന്നും ഡയറക്ടറേറ്റ് തലത്തിൽ ആയിരിക്കും.

എം അഞ്ജന

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ മേധാവികൾക്കും

സ്റ്റോക്ക് ഫയൽ

ഉള്ളടക്കം :

1. അപേക്ഷ ഫോം മാതൃക
2. രെജിസ്റ്റർ മാതൃക

<u>സാമൂഹികനീതി വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഇന്റേൺഷിപ്പ് /ഗവേഷണ പഠനം ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം</u>

| | | |
|---|---|---|
| 1. | അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് | |
| 2. | പൂർണ്ണമായ മേൽവിലാസം | |
| | പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | |
| | ജില്ല | |
| | പിൻകോഡ് നമ്പർ | |
| | ഫോൺ നമ്പർ | |
| | ഇ - മെയിൽ വിലാസം | |
| 3. | ഇന്റേൺഷിപ്പ് /ഗവേഷണം ചെയ്യുന്നത് ഏതു കോഴ്സുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് | |
| 4. | ഇന്റേൺഷിപ്പ് /ഗവേഷണം നടത്തുന്നതിന്റെ ആവശ്യകത<br>(ഗവേഷണം ആണെങ്കിൽ പഠനത്തിന്റെ synopsis ,data കളക്ഷൻ ടൂൾ , എത്തിക്കൽ കമ്മിറ്റി റിപ്പോർട്ട് എന്നിവ ഉള്ളടക്കം ചെയ്യണം) | |
| 5. | ഇന്റേൺഷിപ്പ് /ഗവേഷണം ചെയ്യുന്നതിന്റെ കാലാവധി | |
| 6. | ഇന്റേൺഷിപ്പ് /ഗവേഷണം നടത്തുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനം | |
| 7. | ഏതു സ്ഥാപനത്തിൽ നിന്നുമാണ് ഇന്റേൺഷിപ്പ് /ഗവേഷണം നടത്താൻ നിയോഗിച്ചിട്ടുള്ളത്; സ്ഥാപനത്തിന്റെയും. ശുപാർശ ചെയ്ത സ്ഥാപന മേധാവിയുടെയും വിശദ വിവരങ്ങൾ (സ്ഥാപന മേധാവിയുടെ ശുപാർശ ഉള്ളടക്കം ചെയ്യുക ) | |

ഒപ്പ്:

പേര്:

സ്ഥലം :

തീയതി :

I/90177/2023

**<u>ഇന്റേൺഷിപ്പ് രജിസ്റ്റർ മാതൃക</u>**

| ക്രമ നം | അപേക്ഷന്റെ പേര് മേൽവിലാസം | അപേക്ഷകൻ പഠിക്കുന്ന കോഴ്സ് | ഇന്റേൺഷിപ്പ് / ഗവേഷണം നടത്തുന്നത് ഏതു വിഷയവുമായി ബന്ധപ്പെട്ടാണ് | ഇന്റേൺഷിപ്പ് /ഗവേഷണം നടത്തുന്ന കാലയളവ് | അപേക്ഷൻ നിലവിൽ പഠിക്കുന്ന കാര്യാലയം | അപേക്ഷൻ പഠിക്കുന്ന കാര്യാല മേധാവിയുടെ കത്തിന്റെ നമ്പർ , തീയതി | പഠനത്തിന്റെ റിപ്പോർട്ട് ലഭ്യമായ തിയതി | കാര്യാലയ മേധാവിയുടെ ഒപ്പ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |

–